**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **27-07-2021 - ൽ മറുപടിയ്ക്ക്**

**കേരള സയൻസ് സിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് കോഴാക്കരയിൽ യാഥാർത്ഥ്യമാകുന്ന കേരള സയൻസ് സിറ്റിയുടെ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) | 2023 ജനുവരി മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| (ബി) | സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ വന്നിരിക്കുന്ന കാലതാമസം പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഇതിനോടകം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; സമയബന്ധിതമായി ഇക്കാര്യങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. 11/02/2020-ലെ യോഗതീരുമാനത്തിൽ ഉൾപ്പെട്ട ഒരു വിഭാഗവും (Habitat, HLL, KSSTM) തീരുമാനങ്ങൾ സമയബന്ധിതമായി പ്രാവർത്തിക മാക്കിയിട്ടില്ല. 2015 ഏപ്രിലിൽ കരാർ ഉടമ്പടി പ്രകാരം HLL-ന് നൽകിയ സ്പേസ് തിയേറ്റർ കെട്ടിടം 2016-ൽ തന്നെ പണി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ മൈക്രോ കോൺക്രീറ്റിംഗ് ചെയ്യുന്നതിലെ പ്രശ്നങ്ങൾ കാരണം 2017 മുതൽ നിർമ്മാണം നിലച്ചിരിക്കുകയായിരുന്നു. 20/02/2020-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം 2020 ആഗസ്റ്റ് മുതൽ പ്രവർത്തി പുനരാരംഭിച്ചിട്ടുണ്ട്. മൈക്രോ കോൺക്രീറ്റിംഗിലെ പ്രശ്ന പരിഹാരത്തിനായിട്ടുള്ള ബദൽ നിർദേശങ്ങൾ, സാങ്കേതിക കമ്മിറ്റി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗവേർണിംഗ് ബോഡി എന്നിവയുടെ അനുമതിക്ക് വിധേയമായി പ്രാവർത്തികമാക്കു ന്നതാണ്. 2015 സെപ്റ്റംബർ മാസം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 7 മാസ പൂർത്തീകരണ കാലാവധിയിൽ നൽകിയ 'എഡ്യൂടെയ്ൻമെൻറ് കംബോ ണൻസ്' നിർമ്മാണവും പൂർണമായി പൂർത്തീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | കൂടാതെ, ഈ പദ്ധതി ജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനായി ഒട്ടനവധി പ്രവർത്തികൾ ചെയ്യേണ്ടതായിട്ടുണ്ട്. ടി പ്രവർത്തികൾ സമയ ബന്ധി തമായി പൂർത്തീകരിക്കാൻ ബന്ധപ്പെ ട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കേരള സയൻസ് സിറ്റിക്ക് വേണ്ടി ഇതിനകം പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; എത്ര സമയത്തിനുള്ളിൽ ഇക്കാര്യങ്ങൾ പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ഡി) | പദ്ധതികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. പൂർത്തിയാ ക്കേണ്ട പദ്ധതികളുടേയും അവ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയക്രമവും (ആവശ്യമായി വരുന്ന തുക ലഭ്യമാകുന്ന മുറയ്ക്ക്) അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | സയൻസ് സിറ്റിയുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്; ഇനി എത്ര കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് നടപ്പാക്കാനുള്ളത്; കേരള സയൻസ് സിറ്റിയുടെ നിർമ്മാണപൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്; ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്; | (ഇ) | സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെൻററിൻറെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ 7.25 കോടി രൂപയാണ് അനുവദിച്ചത്. സയൻസ് സിറ്റിയിലെ സയൻസ് സെൻറർ നിർമ്മാണം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്ത ത്തോടെ 14.50 കോടി മുതൽ മുടക്കിലാണ് നിർവഹിക്കുന്നത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയം ആണ് പദ്ധതി നിർവഹണ ഏജൻസി. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 7.25 കോടി രൂപ 2015-ൽ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 90 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ടുപയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ലാത്ത തിനാൽ കേന്ദ്ര വിഹിതത്തിന്റെ ഉപയോഗ വിവരം ലഭ്യമല്ല. സയൻസ് സിറ്റിയുടെ സയൻസ് സെന്റർ ഒഴികെയുള്ള നിർമ്മാണം പൂർത്തീകരിക്കാൻ ഏകദേശം 45 കോടി രൂപ കൂടി ആവശ്യമാണ്. ഇതിനായി അടിയന്തിരമായി ഒരു യോഗം വിളിച്ച് ചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കേരള സയൻസ് സിറ്റിയുടെ ആദ്യ അവലോകനയോഗം വരുന്ന നിയമസഭാസമ്മേളനകാലയളവിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | യോഗം വിളിച്ചു ചേർക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

Expected Time Schedule for Completing the various components of the Science City Project , Kottayam

| Sl.No. | Details of Works | Expected time of completion |
|---|---|---|
| 1 | Science Centre | October 2021 |
| 2 | Construction of Space theatre Building | September 2022 |
| 3 | Installation of Planetarium Equipments | January 2023 |
| 4 | Construction of Edutainment Components | September 2021 |
| 5 | Construction of OH Tank and Internal Roads | October 2021 |
| 6 | Development of Internal Road | November 2021 |
| 7 | Surfacing of Internal Roads | March 2022 |
| 8 | Construction of front compound wall, Entrance and exit gate etc. | October 2021 |
| 9 | Electrification of the campus | December 2021 |
| 10 | Construction of Water treatment plant | November 2022 |
| 11 | Construction of Sewerage Treatment Plant | November 2022 |
| 12 | Construction of Amenity Buildings | November 2022 |
| 13 | Plumbing and water distribution of the campus | November 2022 |
| 14 | External fire fighting system and fire fighting coordination | November 2022 |
| 15 | Construction of Pond for Rain Water Harvesting | November 2022 |
| 16 | Development of Solid waste management System | November 2022 |
| 17 | Development of Connectivity of the Campus | November 2022 |
| 18 | Installation of Motion simulator | December 2022 |
| 19 | Setting up of AR/ VR theatre | December 2022 |
| 20 | Setting up of Musical Water fountain and Laser shows | December 2022 |
| 21 | Landscaping and campus lighting | December 2022 |
| 22 | Setting up of Space Gallery | November 2022 |

Kerala State Science & Technology Museum
Trivandrum 695033